LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മൊറയൂരിൽ ഐ.ടി.ഐ.-ക്ക് താല്ക്കാലിക സൗകര്യം അനുവദിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തി നൽകുവാനും സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കുവാനും തീരുമാനിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രമേയം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാക്കാമെന്ന് ഉറപ്പ് ഒന്നുംതന്നെ പഞ്ചായത്ത് നൽകിയിട്ടില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് എത്രയും വേഗം സ്ഥലം ലഭ്യമാക്കാൻ അരിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ അന്തിമ റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച വരുന്നതായി ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തവും അനുയോജ്യവുമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയവും രേഖാമൂലമുള്ള ഉറപ്പും ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ശിപാർശ സമർപ്പിക്കുന്നതാണെന്ന് ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ കോഴ്സുകൾ

282(2751) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളമാട് ഗവ. ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്നും അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇളമാട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പ്ലംബർ, മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ, കമ്പ്യൂട്ടർ ഹാർഡ്വെയർ&നെറ്റ്വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) ആരംഭിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച കോഴ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.